(ബി) ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ സഹായത്തോടെ ക്ളീനിക്കൽ ഫാർമസിയിൽ ഈ ഈ സെന്റർ സ്ഥാപിക്കാനാണ് ഉദ്ദേശം.

(സി) 1999-2000 വർഷത്തെ ബഡ്ജറ്റിൽ 25 ലക്ഷം രൂപ ഈ കേന്ദ്രത്തിനുവേണ്ടി നീക്കിവച്ചിട്ടുണ്ട്.

(ഡി) 1. ഹൈപ്രഷർ ലിക്വിഡ് ക്രോമാറ്റോഗ്രാഫ്

2. സ്പെക്ട്രോ ഫോട്ടാമീറ്റർ

3. സ്പെക്ട്രോ ഫ്ളൂറോമീറ്റർ - കമ്പ്യൂട്ടറൈസ്ഡ് വിത്ത് ഡേറ്റാ ഹാൻഡ്ലിംഗ് സിസ്റ്റം

(ഇ) ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ ഏറെക്കൂറേ പൂർത്തിയാക്കിവരുന്നു.

(എഫ്) ഈ സെന്ററിനാവശ്യമായ ഉപകരണങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത സെന്റർ ആരംഭിക്കാനാണുദ്ദേശം.

155 (1515) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി വികസന സൊസൈറ്റിയിലെ ഓഡിറ്റ്

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ വികസന സൊസൈറ്റി ഏതെങ്കിലും വ്യക്തിയെയോ ഏജൻസിയെയോ സ്ഥാപനത്തെയോ ഇന്റേണൽ ഓഡിറ്ററായി നിയമിച്ചിട്ടുണ്ടോ; എങ്കിൽ ആരെ; എത്ര രൂപയാണ് പ്രതിഫലം നൽകുന്നത്;

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ആശുപത്രി വികസന സൊസൈറ്റിയുടെ കണക്ക് അടുത്തകാലത്ത് എ.ജി. ഓഡിറ്റ് ചെയ്തിരുന്നോ; എങ്കിൽ ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) നിയമിച്ചിട്ടുണ്ട്. മെസ്സേഴ്സ് ഗോപകുമാർ ആന്റ് കമ്പനിയെയാണ് ചാർട്ടേർഡ് അക്കൗണ്ടന്റായി നിയമിച്ചിട്ടുള്ളത്. ഇപ്പോൾ പ്രതിമാസം 4000 രൂപയാണ് പ്രതിഫലം നൽകുന്നത്.

(ബി) ഓഡിറ്റ് ചെയ്തിരുന്നു. ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

156 (1516) ന്യായവില മെഡിക്കൽ സ്റ്റോറിന്റെ കണക്കുകൾ

ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ന്യായവില മെഡിക്കൽ സ്റ്റോറിന്റെ കണക്കുകൾ പരിശോധിക്കുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനുംവേണ്ടി ചാർട്ടേർഡ് അക്കൗണ്ടന്റിനെ നിയമിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആര്; എന്ന് മുതൽ; എത്ര രൂപയാണ് ഇദ്ദേഹത്തിന് പ്രതിഫലം നൽകുന്നത് എന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ചാർട്ടേർഡ് അക്കൗണ്ടന്റ് കേരളത്തിലെ മറ്റ് സ്വകാര്യ ഔഷധ വ്യാപാരികളുടെയും ചാർട്ടേർഡ് അക്കൗണ്ടന്റ് ആണോ എന്നകാര്യം അന്വേഷിക്കുമോ;

(ഡി) പേയിംഗ് കൗണ്ടറിൽ മരുന്ന് നൽകുന്ന കമ്പനികളെപ്പറ്റിയുള്ള വിവരങ്ങൾ പ്രസ്തുത അക്കൗണ്ടന്റിന്റെ സംഘത്തിലുള്ളവർ ഔഷധ വ്യാപാരി സംഘടനയ്ക്ക് ചോർത്തികൊടുത്തതായ പരാതിയെപ്പറ്റി അന്വേഷിക്കുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ആശുപത്രി വികസന സൊസൈറ്റിയുടെ വാർഷിക പൊതുയോഗത്തിലെടുത്ത തീരുമാനപ്രകാരം 1994 മുതൽ മെസ്സേഴ്സ് ഗോപകുമാർ ആന്റ് കമ്പനിയെ ചാർട്ടേർഡ് അക്കൗണ്ടന്റായി നിയമിച്ചിട്ടുണ്ട്. ഏപ്രിൽ 1994 മുതൽ ഇതുവരെ 66,000 രൂപ നൽകിയിട്ടുണ്ട്.

(സി) ഈ ചാർട്ടേർഡ് അക്കൗണ്ടന്റ് ജോലികൾ തൃപ്തികരമായി ചെയ്യുന്നതിനാൽ മറ്റ് അന്വേഷണങ്ങൾ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

(ഡി) ഇത്തരം പരാതികളൊന്നും ലഭിച്ചതായി കാണുന്നില്ല. മരുന്നു നൽകുന്ന കമ്പനികളുടെ വിവരങ്ങൾ രഹസ്യരേഖ അല്ല.

157 (1517) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ട്

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയുടെ സൂപ്രണ്ട് തസ്തികയ്ക്ക് കാലാവധിയുണ്ടോ;

(ബി) എങ്കിൽ കാലാവധി കഴിഞ്ഞിട്ടും ഇപ്പോഴത്തെ സൂപ്രണ്ടിന്റെ കാലാവധി നീട്ടിക്കൊണ്ടുപോകുന്നതിന് പ്രത്യേക സാഹചര്യം നിലവിലുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) കാലാവധി കഴിഞ്ഞ് വർഷങ്ങളായി ജോലിയിൽ തുടരുന്ന സൂപ്രണ്ടിനെ മാറ്റി പുതിയ സൂപ്രണ്ടിനെ നിയമിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി)&(സി) (എ) വിഭാഗത്തിനുള്ള മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly